#IIMKinMedia

Date: September 08, 2026

Newspaper: Madhyamam, pg. 03



*കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കാമ്പസ്*

## എഫ്.ടി എം.ഐ.എം റാങ്കിങ്

# ആഗോളതലത്തിൽ കോഴിക്കോട് ഐ.ഐ.എമ്മിന് 54ാം സ്ഥാനം

**കുന്ദമംഗലം:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (ഐ.ഐ.എം) ഫിനാൻഷ്യൽ ടൈംസ് മാസ്റ്റേഴ്സ് ഇൻ മാനേജ്മെന്റ് (എഫ്.ടി എം.ഐ.എം) ആഗോള റാങ്കിങ്ങിൽ 15 സ്ഥാനങ്ങൾ മുന്നോട്ടുകയറി 54ാം സ്ഥാനത്തെത്തി. 2025ൽ ആഗോളതലത്തിൽ 69-ാം സ്ഥാനത്തായിരുന്നതാണ് ഇപ്പോൾ 54ലേക്ക് ഉയർന്നത്. പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രം (പി.ജി.പി) ലോകത്തിലെ മികച്ച 55 മാനേജ്മെന്റ് പ്രോഗ്രാമുകളിൽ ഇടം നേടി. സുസ്ഥിരത, കരിയർ വികസനം, വൈവിധ്യം എന്നിവയുൾപ്പെടെ ഭാവിക്ക് അനുയോജ്യമായ മാനേജ്മെന്റ് വിദ്യാഭ്യാസത്തോടുള്ള പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന ഘടകങ്ങളിൽ ഐ.ഐ.എമ്മിന്റെ ശക്തമായ പ്രകടനം പുതിയ റാങ്കിങ്ങിൽ എടുത്തുകാണിക്കുന്നു. കരിയർ സേവനങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് ആഗോളതലത്തിൽ 23ാം സ്ഥാനത്തെത്തി.

ഐ.ഐ.എമ്മിൽ വിദ്യാർഥികളിൽ 55 ശതമാനം സ്ത്രീകളാണ്. ഇത് സ്ത്രീ വിദ്യാർഥി പ്രാതിനിധ്യത്തിൽ ആഗോളതലത്തിൽ ഏകദേശം 14ാം സ്ഥാനത്തും എഫ്.ടി എം.ഐ.എം 2026ൽ ഉൾപ്പെടുത്തിയിട്ടുള്ള ഇന്ത്യൻ സ്ഥാപനങ്ങളിൽ ഒന്നാമതുമാണ്.

എഫ്.ടി എം.ഐ.എം റാങ്കിങ് 2026ലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രകടനങ്ങൾ കരിയർ സർവിസസ് (23), ഇ.എസ്.ജി ആൻഡ് നെറ്റ് സീറോ ടീച്ചിങ് (52), സ്ത്രീ വിദ്യാർഥി പ്രാതിനിധ്യം (ആഗോളതലത്തിൽ ഏകദേശം14) സ്ഥാനങ്ങളും നേടിയിട്ടുണ്ട്.